# തൂലിക


Newsletter of
Jesus Youth
Dubai

Issue 525
11 May 2018
www.thoolikaa.net




ഒഴുകട്ടെ
സ്നേഹം
നദിയായ്...

''തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ..''

റോമ. 12:11

ലക്കം 525
2018 മെയ് 11

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net

**ഉള്ളടക്കം**


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്ത | 09 |
| അറിയിപ്പുകൾ | 10 |
| നിങ്ങൾക്കറിയാമോ ? | 11 |




## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 052 3059131 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314 |
| | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044 |
| | വ്യാഴം 10:00 pm 11:00 pm |

## മൊഴിമുത്തുകൾ

"ദൈവമുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞതിനു ശേഷം അവിടത്തേക്കു വേണ്ടി മാത്രമായി ജീവിക്കാതിരിക്കാൻ എനിക്കു സാധ്യമല്ലായിരുന്നു."

വാഴ്ത്തപ്പെട്ട ചാൾസ് ദെ ഫോക്കോൾഡ്

# അറിയാം.. ആത്മാവിനെ...

ആദ്യകുർബാന, സ്ഥൈര്യലേപനം എന്നീ കൂദാശകൾക്കുള്ള ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനായി പള്ളിയിലേയ്ക്ക് നടന്നുകൊണ്ടിരിക്കുകയാണ് കുട്ടികളെല്ലാവരും. വഴിയിലെ മാവിൽ കല്ലെറിഞ്ഞും, മരത്തിനോടും മൈൽകുറ്റിയോടുമൊക്കെ വർത്തമാനം പറഞ്ഞാണ് അവരുടെ യാത്ര. അവർ നടന്ന് ഒരു സായിപ്പിന്റെ ബംഗ്ലാവിനടുത്തെത്തി. ഒരു ജർമ്മൻകാരൻ സായിപ്പ് വേനൽക്കാല വസതിയായി പണികഴിപ്പിച്ച ബംഗ്ലാവ്. അതിനു ചുറ്റും പലതരത്തിലുള്ള ഫലവൃക്ഷങ്ങൾ നിൽക്കുന്നു. അതിന് നടുവിലായി വലിയൊരു റംബൂട്ടാൻ മരം കായ്കൾ ചുവന്നു തുടുത്തു നിൽക്കുന്നു. കുട്ടികൾ അതും നോക്കി നിൽക്കുകയാണ്. കൂട്ടത്തിൽ ഇത്തിരി തന്റേടമുള്ള ചാർളിക്കുട്ടൻ മതിലുചാടി തോട്ടത്തിനകത്തു കയറി കല്ലെടുത്ത് റംബൂട്ടാൻ ലക്ഷ്യം വച്ച് തുരുതുരാ എറിഞ്ഞു. കൂട്ടുകാർ പുറത്തുനിന്ന് അവനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പഴങ്ങൾ ധാരാളം താഴേക്ക് വീഴുന്നു. നിർഭാഗ്യവശാൽ അവൻ എറിഞ്ഞ ഒരു കല്ല് ലക്ഷ്യം തെറ്റി ബംഗ്ലാവിന്റെ ജനൽചില്ല് തകർത്തു. ഇതുകണ്ട് പുറത്തേക്കിറങ്ങി വന്ന സായിപ്പിന്റെ മുഖം ദേഷ്യം കൊണ്ട് ചുവന്നു. അയാൾ ചാർളിയെ പിടിച്ചു നിറുത്തി ഇംഗ്ലീഷിൽ എന്തൊക്കെയോ ചീത്ത വിളിച്ചു. അവൻ ഒരുവിധത്തിൽ അയാളുടെ പിടിയിൽ നിന്നും രക്ഷപ്പെട്ട് പുറത്തേക്കോടി.

അന്ന് വികാരിയച്ചൻ പരിശുദ്ധാത്മമാവിനെ കുറിച്ചാണ് ക്ലാസ്സെടുത്തത്. പരിശുദ്ധാത്മാവിനെ സ്വീകരിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാർക്കുണ്ടായ ധൈര്യവും അവർ പ്രസംഗിച്ചത് വിവധ ഭാഷക്കാർക്ക് താന്താങ്ങളുടെ ഭാഷയിൽ മനസ്സിലായതുമൊക്കെ അച്ചൻ വിവരിച്ചു. ഇത് കേട്ട ചാർളിയുടെ മുഖം സന്തോഷം കൊണ്ട് തെളിഞ്ഞു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകഴിഞ്ഞാൽ തന്നെ ചീത്ത വിളിച്ച സായിപ്പിന്റെ ഭാഷയിൽ അയാളെ തിരിച്ച് ചീത്ത വിളിക്കാമല്ലോ എന്നോർത്ത് അവൻ സന്തോഷിച്ചു. ദിവസങ്ങൾ കടന്നുപോയി. ചാർളിയും കൂട്ടുകാരും കുമ്പസാരിച്ച് ആദ്യകുർബാനയും സ്ഥൈര്യലേപനവും സ്വീകരിച്ചു. ചാർളി അവന്റെ വീട്ടിലെ ആഘോഷങ്ങൾക്ക് ശേഷം നേരെ പോയത് ആ ബംഗ്ലാവിലേയ്ക്കാണ്. മുറ്റത്ത് ഉലാത്തുകയായിരുന്ന സായിപ്പിന്റെ മുൻപിൽ നിറകണ്ണുകളോടെ അവൻ മാപ്പു പറഞ്ഞു. എന്താണ് സംഭവിക്കുന്നതെന്ന് അറിയാതെ ജർമ്മൻകാരൻ സായിപ്പ് നോക്കി നൽക്കുന്നമ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ച താൻ പറഞ്ഞതെല്ലാം അയാൾക്ക് മനസ്സിലായിക്കാണും എന്ന സംതൃപ്തിയിൽ കണ്ണുതുടച്ച് അവൻ തിരിച്ചു നടന്നു.

പ്രിയപ്പെട്ടവരെ, പരിശുദ്ധാത്മാവിനെ ദൈവം നമുക്ക് ഒരു സഹായകനായി നൽകുമ്പോൾ തിരിച്ച് ദൈവം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത് ദൈവരാജ്യത്തിന്റെ പ്രഘോഷണവും ആത്മാക്കളുടെ വിശുദ്ധീകരണവുമാണ്. ഇത് മനസ്സിലാക്കാതെ പരിശുദ്ധാത്മാവ് എന്ന വലിയ താലന്തിനെ മനസ്സിൽ കുഴിച്ചിട്ടിരിക്കുകയല്ലേ നമ്മൾ?. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നമ്മിൽ പ്രകടമാകണമെങ്കിൽ സഭയോട് ചേർന്ന് നിന്ന് ആത്മാവിനെ പഠിക്കണം. പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ലോകമാകുന്ന വയലിലേയ്ക്ക് സ്വർഗ്ഗത്തിന്റെ വേലക്കാരായി നമുക്ക് ഇറങ്ങാം... ദൈവം നമ്മെ അനുഗ്രഹിക്കട്ടെ...

സ്നേഹപൂർവ്വം,
ജോബിൻ അഗസ്റ്റിൻ

# ഒഴുകട്ടെ സ്നേഹം നദിയായി...

പരിശുദ്ധാത്മാവ്. പരിശുദ്ധത്രിത്വത്തിലെ മൂന്നാമൻ. മാമ്മോദീസാ എന്ന വിശുദ്ധ കൂദാശയിലൂടെ തിരുസഭാമാതാവിന്റെ മടിത്തട്ടിലേക്ക് നാം പിച്ചവച്ചു കടന്നു ചെല്ലുമ്പോൾ നമ്മിൽ ആവസിക്കുന്ന ദൈവീക സാന്നിദ്ധ്യം. സ്ഥൈര്യലേപനകൂദാശയിലൂടെ നമ്മിൽ സ്ഥിരീകരിക്കപ്പെട്ട് നമ്മുടെ ആത്മാവിനോട് ചേർന്നുനിന്ന് നമ്മെ ബലപ്പെടുത്തുന്ന ആ പരിശുദ്ധാത്മാവ്, നമ്മുടെ ജീവിതത്തിൽ ഉടനീളം നമ്മോടുകൂടെ ചരിക്കുന്നുണ്ട്.

സമ്മാനം ലഭിക്കുക എന്നത് ഏതൊരു വ്യക്തിയെ സംബന്ധിച്ചും അത്യധികം സന്തോഷം പകരുന്ന ഒന്നാണ്. മൂന്നു വർഷക്കാലം തങ്ങളുടേതായ എല്ലാം ഉപേക്ഷിച്ചുകൊണ്ട് തങ്ങൾ അനുഗമിച്ച ഗുരു ഒരുദിവസം പെട്ടെന്ന് കുരിശിൽ മരിച്ചു കഴിഞ്ഞപ്പോൾ, വലിയ കഴിവും പ്രാപ്തിയും ഒന്നും ഇല്ലാത്ത മുക്കുവൻമാരും സാധാരണക്കാരുമായ ആ പാവങ്ങൾ, പതറിപ്പോയി. എല്ലാം നഷ്ടപ്പെട്ടു എന്ന് കരുതി വള്ളവും വലയും പൊടിത്തട്ടിയെടുത്തുകൊണ്ട് വീണ്ടും പഴയ ജീവിത വഴികളിലേക്ക് ഇറങ്ങിയെങ്കിലും വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ഈശോ നൽകി യ സമ്മാനമാണ് പരിശുദ്ധാത്മാവ്. മീൻ പിടിക്കാൻ ഇറങ്ങിത്തിരിച്ചവരെ മനുഷ്യരെ പിടിക്കാൻ തക്ക കപ്പാസിറ്റി ഉള്ളവരാക്കിമാറ്റി ആ ശക്തിദായകനായ ആത്മാവ്. കടലിന്റെ ആഴവും മത്സ്യത്തിന്റെ ലഭ്യതയും മാത്രം പരിചയമുണ്ടായിരുന്നവരെ ലോകത്തിന്റെ അതിർത്തിയിലേക്ക് നയിച്ച ഈ പരിശുദ്ധാത്മാവ് വരങ്ങളും ദാനങ്ങളും പകർന്നുനൽകിക്കൊണ്ട് അവരെ സമ്പന്നരാക്കി. ഗലീലി കടലിലും ജോർദ്ദാന്റെ തീരങ്ങളിലും മാത്രമായി ഒതുങ്ങി കൂടിയിരുന്നവർ ലോകത്തിന്റെ അതിർത്തികൾവരെ സ്നേഹത്തിന്റെ സുവിശേഷവുമായി കടന്നു ചെന്നത്, കൂടെ നടന്ന ക്രൂശിതൻ പക ർന്നു നൽകിയ പരിശുദ്ധാത്മാവിന്റെ ഒറ്റ ബലത്തിലാണ്. മുക്കുവ ഭാഷ മാത്രം കൈ മുതലായുള്ള പത്രോസിലും ചുങ്കംപിരിച്ചു നടക്കുന്നവന്റെ  കാർക്കശ്യ ഭാഷ മാത്രം പരിചയമുള്ള മത്തായിയിലും പരിശുദ്ധാത്മാവിന്റെ പന്തക്കുസ്താനുഭവം ഉണ്ടായപ്പോൾ അവരെ കേട്ട ആയിരങ്ങൾ തങ്ങളുടെ ഭാഷകളിൽ ദൈവപിതാവിന്റെ സ്നേഹമന്ത്രണം അനുഭവിച്ചറിഞ്ഞു.

രണ്ടായിരത്തിപ്പതിനെട്ടു വർഷങ്ങൾക്കു മുമ്പ് ആ ശിഷ്യഗണങ്ങളിൽ ആവസിച്ച പരിശുദ്ധാത്മാവ് അതേ വരങ്ങളും ദാനങ്ങളും പകർന്നു നൽകിക്കൊണ്ട് നമ്മുടെ ജീവിതങ്ങളെ ധന്യമാക്കുന്നുണ്ട്. കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 12-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിന്റെ വ്യത്യസ്തമായ വരങ്ങളെക്കുറിച്ച് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നുണ്ട്. “ഒരേ ആത്മാവുതന്നെ ഒരുവനു വിശ്വാസവും വേറൊരുവനു രോഗശാന്തിക്കുള്ള വരവും നൽകുന്നു. ഒരുവന് അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കാൻ ശക്തിയും, മറ്റൊരുവന് പ്രവചിക്കാൻ വരവും, വേറൊരുവന് ആത്മാക്കളെ വിവേചിച്ചറിയാൻ കഴിവും, വേറൊരുവന് ഭാഷാവരവും, വേറൊരുവന് വ്യാഖാനത്തി നുള്ള വരവും അതേ ആത്മാവു തന്നെ നൽകുന്നു.”(1 കോറി 12:8-10) നമ്മുടെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ഈ വരങ്ങളെ തിരിച്ചറി

ഞ്ഞുകൊണ്ട് ദൈവീകപദ്ധതികൾക്കായി അവയെ വിനിയോഗിക്കുമ്പോൾ നമ്മുടെ ജീവിതം അതിന്റെ യഥാർത്ഥ ഫലങ്ങൾ പ്രാപിക്കും.



ഒരുപക്ഷേ,നമ്മിൽ പലരും ചിന്തിച്ചേക്കാം എന്റെ ജീവിത്തിൽ ഈ വരങ്ങളൊന്നും നൽകപ്പെട്ടിട്ടില്ല എന്ന്. എന്നാൽ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ഓരോ വ്യക്തിയിലും പരിശുദ്ധാത്മാവിന്റെ വ്യത്യസ്തമായ പ്രവർത്തനം പലതരത്തിൽ നമുക്ക് ദർശിക്കാൻ സാധിക്കും. നമ്മുടെ സമൂഹത്തിൽ ജീവിച്ചു കടന്നുപോയ പല വിശുദ്ധജീവിതങ്ങളും അതിന്റെ സാക്ഷ്യങ്ങളാണ്. മഠത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ജീവിച്ചുകൊണ്ട് തന്റെ ജീവിതത്തെ ക്രൂശിതജീവിതത്തോട് ചേർത്തുവെച്ച അൽഫോൻസാമ്മയും തെരുവിന്റെ മക്കളിൽ ക്രിസ്തുവിന്റെ മുഖം തിരിച്ചറിഞ്ഞ മദർതെരേസയും എല്ലാം പരിശുദ്ധാത്മനിറവിൽ ജീവിച്ച ഈ നൂറ്റാണ്ടിന്റെ മാതൃകകളാണ്. വചനം പ്രഘോഷിക്കുമ്പോഴും രോഗശാന്തി വരങ്ങൾ ഉപയോഗിക്കുമ്പോഴും മാത്രമല്ല പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നമുക്ക് അനുഭവിക്കാൻ സാധിക്കുക. മറിച്ച് സ്വസഹോദരനോട് ദയകാണിക്കുമ്പോഴും അകാരണമായി സഹനങ്ങൾ കടന്നുവരുമ്പോൾ ക്ഷമയോടെ അതിനെ സ്വീകരിക്കുമ്പോഴുമെല്ലാം പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നമ്മിൽ നിറയുകയാണ് ചെയ്യുന്നത്. ആ നിമിഷങ്ങളിൽ നമ്മുടെ ആത്മാവ് ദൈവത്തിന്റെ ആത്മാവോട് ചേർന്ന് നടക്കുകയാണ് ചെയ്യുന്നത്. എന്നാൽ പലപ്പോഴും നമുക്ക് അത് തിരിച്ചറിയാൻ സാധിക്കുന്നില്ല എന്ന് മാത്രം. പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങൾ നമ്മിൽ ചൊരിയുമ്പോൾ സ്വർഗ്ഗം എന്താണ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. എല്ലാ വര ങ്ങളും ലക്ഷ്യമാക്കുന്നത് സ്നേഹം മാത്രമാണ്. പ്രതിഫലം പ്രതീക്ഷിക്കാത്ത നിസ്വാർത്ഥ സ്നേഹം. പൗലോസ്ശ്ലീഹാ അത് നമ്മെ പഠിപ്പിക്കുന്നുണ്ട്. "എനിക്ക് പ്രവചനവരമുണ്ടായിരിക്കുകയും സകല രഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും സകല വിജ്ഞാനവും മലകളെ മാറ്റാൻതക്ക വിശ്വാസവും എനിക്കുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല."(1 കോറി 13:2) സ്നേഹം എന്നത് ഉള്ളിൽ നിന്നും ഉറവപൊട്ടേണ്ട ഒന്നാണ്. നമ്മുടെ ചുറ്റുപാടുകളിൽ വേദനിച്ചു കഴിയുന്നവരിലേക്ക് സ്നേഹത്തിന്റെ സാക്ഷ്യമായി കടന്നുചെല്ലുവാൻ നമുക്ക് കഴിയണം. അതിനുവേണ്ടി ഒരിക്കലും അവസാനിക്കാത്ത സർവ്വോൽകൃഷ്ടമായ സ്നേഹത്തിനുവേണ്ടിയുള്ള ദാഹം നമ്മിൽ നിറയട്ടെ. അനേകം ആത്മാക്കളെ ദൈവത്തിനു വേണ്ടി നേടുവാനായി, ഏലിയായുടെ ആത്മാവിന്റെ ഇരട്ടി പങ്ക് ആവശ്യപ്പെട്ട എലീഷായെപ്പോലെ നമുക്കും പരിശുദ്ധാത്മാവിനു വേണ്ടി തീവ്രമായി ആഗ്രഹിക്കാം. അങ്ങനെ സ്വർഗ്ഗം ആഗ്രഹിക്കുന്നതുപോലെ നമ്മുടെ ഉള്ളിൽ നിന്നും അണമുറയാത്ത സ്നേഹം വറ്റിവരണ്ട ഹൃദയനിലങ്ങളിലേക്ക് ഒഴുകട്ടെ. ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ..

# വി.ഫ്രാൻസെസ്സ് (1384-1440)




1384-ൽ കുലീനരായ മാതാപിതാക്കളിൽ നിന്ന് ഫ്രാൻസെസ്സ് ജനിച്ചു. ജന്മനാട് ഇറ്റലിയായിരുന്നു. ചെറുപ്പം മുതലുള്ള അഭിലാഷമായിരുന്നു സന്ന്യാസ ജീവിതം. എന്നാൽ മാതാപിതാക്കളുടെ അഭീഷ്ടത്തിന് കീഴ്വഴങ്ങി 1396-ൽ ഒരു റോമൻ പ്രഭുവായ ലോറൻസ് പൊൻസാനിയെ ഭർത്താവായി സ്വീകരിച്ചു.

വിവാഹിതപ്രഭ്വിയായിരുന്നെങ്കിലും ഭൗമികാഡംബരങ്ങളിൽ നിന്നകന്ന് പ്രാർത്ഥന,ധ്യാനം, ദിവ്യകാരുണ്യസന്ദർശനം എന്നിവയിലാണ് ഫ്രാൻസെസ്സ് ആനന്ദം കണ്ടെത്തിയത്. 40 വർഷത്തെ ജീവിതത്തിൽ ഭർത്തൃഹിതത്തിന് വിപരീതമായി ഒന്നും പ്രവർത്തിച്ചിട്ടില്ല. വിവാഹിതയായ സ്ത്രീ എന്തിനെങ്കിലും വിളിക്കപ്പെട്ടാൽ ഭക്താഭ്യാസങ്ങൾ നിറുത്തിവച്ച് കുടുംബജോലികളിൽ ദൈവത്തെ ദർശിക്കണം എന്നാണ് ഫ്രാൻസെസ്സ് പറഞ്ഞിരുന്നത്. പറഞ്ഞിരുന്ന കാര്യം അവൾ പ്രാവർത്തികമാക്കി. ഒരിക്കൽ ഒരു സങ്കീർത്തനം ചൊല്ലാൻ തുടങ്ങിയപ്പോൾ നാല് പ്രാവശ്യം ഓരോ കാര്യത്തിന് വിളിക്കപ്പെട്ടു. ഓരോ പ്രാവശ്യവും സങ്കീർത്തനം തുടങ്ങിയപ്പോൾ പ്രഥമ വാക്യം തങ്കലിപികളിൽ എഴുതപ്പെട്ടിരിക്കുന്നത് കണ്ടു.

ഭർത്താവിന്റെ നിര്യാണത്തിന് ഏതാനും വർഷങ്ങൾക്ക് മുമ്പ് ശാരീരിക പ്രാശ്ചിത്തങ്ങൾക്ക് അവൾ അനുവാദം വാങ്ങി. അന്നുമുതൽ വിശിഷ്ടഭോജ്യങ്ങൾ ത്യജിച്ച് ഭിക്ഷക്കാരുടെ രീതിയിൽ ഭക്ഷണം കഴിക്കാൻ തുടങ്ങി. മുള്ളരഞ്ഞാണം കുറെക്കാലം കെട്ടി. പക്ഷേ, താമസിയാതെ ആദ്ധ്യാത്മികപിതാവ് അത് വിലക്കി. കുട്ടികളെ വിശുദ്ധരായി വളർത്താൻ പരമാവധി ശ്രമിച്ചു. കുരിശുകളുടെ പാതയിലൂടെയാണ് നടന്നുനീങ്ങിയത്.

1413-ൽ നേപ്പിൾസ് രാജാവ് ലദിസ്ളസ്സ് റോമാനഗരം ആക്രമിക്കുകയും ഫ്രാൻസെസ്സിന്റെ ഭർത്താവിനെ നാടുകടത്തുകയും മകൻ ജോൺ ബാപ്റ്റിസിനെ ജാമ്യത്തടവുകാരനായി കൊണ്ടുപോവുകയും ചെയ്തു. കോൺസ്റ്റാൻസ് സൂനഹദോസിനു ശേഷം സമാധാനം ഉണ്ടായി. ഭർത്താവ് സ്വദേശത്തേയ്ക്കു മടങ്ങി. സ്വത്തുക്കളെല്ലാം തിരികെ ലഭിച്ചു.

ഫ്രാൻസെസ്സുമുഖേന ലഭിച്ച ദൈവാനുഗ്രഹങ്ങൾ പരിഗണിച്ചുകൊണ്ട് ഭർത്താവ് പ്രായശ്ചിത്തമാർഗ്ഗത്തിലൂടെ മുന്നേറുവാനും താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ

തുടർച്ച... പേജ് 8

ജെറിൻ കെ.ജയൻ



# ഒരു വെള്ളിയാഴ്ച കുർബാന

വർഷങ്ങൾക്ക് മുമ്പ്, നാട്ടിൽ നിന്നും ദുബായിൽ വന്നതിനുശേഷം ഒരു വെള്ളിയാഴ്ച കുർബാന അർപ്പിക്കാനായി ദേവാലയത്തിൽ വന്നു. പള്ളിക്കകത്ത് കയറാനായി വരിനിന്ന് കാത്തുനിൽക്കുന്ന ദൈവജനത്തെ കണ്ടപ്പോൾ ആദ്യമൊന്ന് അമ്പരന്നു. രണ്ടുമണിക്കുള്ള കുർബാനയ്ക്ക് ഞാനും അരമണിക്കൂർ നേരത്തെതന്നെ ഒരു വരിയിൽ സ്ഥാനം പിടിച്ചു. ജൂലൈ മാസത്തിലെ ചുട്ടുപൊള്ളുന്ന വെയിലും വകവയ്ക്കാതെ ഇത്രനേരത്തെ ദിവ്യബലിക്കായി ഒരുങ്ങിവന്ന ദൈവജനത്തിന്റെ വിശ്വാസതീക്ഷ്ണതയാൽ ജ്വലിക്കുന്ന മുഖങ്ങൾ എന്റെ മനസ്സിൽ പ്രത്യാശ പകർന്നുതന്നു.. നാട്ടിൽ ദിവ്യബലി തുടങ്ങിയതിനുശേഷം മാത്രം ദേവാലയത്തിൽ എത്തിയിരുന്ന എന്റെ പഴയകാല ഓർമ്മകൾ മനസ്സിലൂടെ കടന്നുപോയി.



എന്നാൽ ദേവാലയത്തിന്റെ വാതിൽ തുറന്നപ്പോൾ ദൈവജനത്തിന്റെ ശാന്തതയും ക്ഷമയും എവിടെപ്പോയെന്ന് എനിക്ക് ഗ്രഹിക്കാൻ സാധിച്ചില്ല.

പിന്നീട് കുറേദിവസങ്ങൾക്കുശേഷം ദേവാലയവും ആളുകളും എനിക്ക് പരിചിതമായി. ഒരിക്കൽ വെള്ളിയാഴ്ച പള്ളിയിൽ പോകാറുണ്ടോയെന്ന് പരിചിതനായ ഒരു വ്യക്തിയോടു ചോദിക്കാൻ ഇടയായി. നാട്ടിലുള്ള പരിചയക്കാരെയും സുഹൃത്തുക്കളെയും കാണാൻ വേണ്ടി മാത്രമാണ് അദ്ദേഹം മുടങ്ങാതെ പള്ളിയിൽ പോകുന്നതെന്ന് സംസാരത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. പ്രിയമുള്ളവരെ, നാം ഓരോ ദിവ്യബലിക്കായും ദേവാലയത്തിൽ പോകുമ്പോൾ നമ്മുടെ മനോഭാവം എപ്രകാരമാണ്?. ഓരോ വിശുദ്ധ കുർബാനയിലും അപ്പവും വീഞ്ഞും ഈശോയുടെ ശരീരവും രക്തവുമായി മാറുന്നതുപോലെ നമ്മുടെ ജീവിതത്തിലും അത്ഭുതങ്ങൾ സംഭവിക്കും എന്ന വിശ്വാസവും ഉൾക്കാഴ്ചയും നമുക്കുണ്ടോ?.

ദൈവത്തിന്റെ കരുണ വർഷിക്കുന്ന നിമിഷങ്ങളാണ് ദിവ്യബലിയെന്ന് നാം തിരിച്ചറിയണം. ദേവാലയത്തിന്റെ വാതിൽ കടന്ന് അകത്ത് പ്രവേശിക്കുമ്പോൾ മനസ്സിൽ ദിവ്യനാഥനോട് പറയണം, അങ്ങയുടെ അനന്തമായ കരുണയാണ് എന്നെ ബലിയർപ്പിക്കാൻ അർഹനാക്കുന്നതെന്ന്. ദിവ്യബലിക്കായി അണഞ്ഞിരിക്കുന്ന നമുക്ക് ഒരുപാട് അയോഗ്യതകളും ബലഹീനതകളും ഉണ്ടെങ്കിലും കർത്താവിന്റെ കരുണ അവയെല്ലാം പരിഗണിക്കാതെ നമ്മെ അനുഗ്രഹിക്കുന്നു. അനന്തമായ അനുഗ്രഹങ്ങളുടെ, കൃപയുടെ, അത്ഭുതങ്ങളുടെ ഈ മഹാരഹസ്യത്തിൽ ഏറ്റവും വിശ്വാസത്തോടും ഭക്തിയോടും പങ്കുകൊണ്ട് എല്ലാദാനങ്ങളും സ്വീകരിക്കുകയും തമ്പുരാന്റെ ബലിയർപ്പണത്തിൽ പങ്കുകാരാവുകയും ചെയ്യാം.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**151. പാപങ്ങൾക്കു മാപ്പു കിട്ടാൻ സഭയിൽ ഏതെല്ലാം സാധ്യതകളാണുള്ളത് ?**

മൗലീകമായ പാപപ്പൊറുതി - മാമ്മോദീസയെന്ന കൂദാശയിൽ സംഭവിക്കുന്നു. പിന്നീട് ഗൗരവമുള്ള പാപങ്ങൾക്കു പൊറുതി കിട്ടാൻ അനുരഞ്ജനകൂദാശ (പ്രായശ്ചിത്ത കൂദാശ, കുമ്പസാരം) അത്യന്താപേക്ഷിതമാണ്. ഗൗരവം കുറഞ്ഞ പാപങ്ങൾക്കും കുമ്പസാരം ശിപാർശ ചെയ്യപ്പെടുന്നു. എന്നാൽ, വിശുദ്ധ ലിഖിത വായന, പ്രാർത്ഥന, ഉപവാസം, സത്പ്രവൃത്തികൾ ചെയ്യൽ എന്നിവയ്ക്കും പാപപ്പൊറുതി ഉളവാക്കാൻ കഴിയും (976-980, 984-987) 226-239

## വിശുദ്ധരുടെ ജീവിതങ്ങൾ.. തുടർച്ച

ഒബ്ലെറ്റ്സ് എന്ന സന്യാസിനീസമൂഹം ആരംഭിക്കുവാനും അവൾക്ക് അനുവാദം നൽകി.

1433-ൽ പുതിയ സഭ ആരംഭിച്ചു. 1437-ൽ എവുജേനിയാസ് 4-ാമൻ പാപ്പാ അതിന് അംഗീകാരം നൽകി. റോമിൽ സഭയുടെ മാതൃഭവനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേരിൽ നിന്ന് കൊള്ളാറ്റിൻസ് എന്ന് ഈ സഭയ്ക്ക് പേരുണ്ടായി. ഭർത്താവിന്റെ മരണശേഷം കഴുത്തിൽ ഒരു കയറുകെട്ടി നഗ്നപാദയായി നടന്ന് മഠത്തിലെത്തി സാഷ്ടാംഗം പ്രണമിച്ച് തന്നെയും അവരുടെ കൂടെ ചേർക്കണമെന്ന് സഹോദരിമാരോട് അഭ്യർത്ഥിച്ചു.

1437 മാർച്ച് 21-ാം തീയതി അവൾ സഭാവസ്ത്രം സ്വീകരിച്ചു. സഭയിലെ എളിയ ജോലികൾ ചെയ്തു ജീവിക്കാനാശിച്ചു. എന്നാൽ സഭാംഗങ്ങൾ അവളെ മഠാധിപയായി തെരഞ്ഞെടുത്തു.

ഹ്രസ്വമായ സന്ന്യാസ ജീവിതത്തിനിടയിൽ നിരവധി അതിസ്വാഭാവികാനുഗ്രഹങ്ങൾ അവൾക്ക് ലഭിച്ചു. കാവൽമാലാഖ അവളോട് നേരിട്ട് സംസാരിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വി.കുർബ്ബാന സ്വീകരണത്തിന് ശേഷം പാരവശ്യമുണ്ടാകുക സാധാരണ സംഭവമായിരുന്നു. 1440 മാർച്ച് 9-ാം തിയതി 56-മത്തെ വയസ്സിൽ ഫ്രാൻസെസ്സ് നിര്യാതയായി. 1608-ൽ അഞ്ചാം പീയൂസ് പാപ്പാ ഫ്രാൻസെസ്സിനെ വിശുദ്ധയായി പ്രഖ്യാപിച്ചു.

ഉത്തമമായ ദാമ്പത്യജീവിതത്തിനും ദിവ്യകാരുണ്യഭക്തിക്കും വി.ഫ്രാൻസെസ്സിന്റെ ജീവിതം വളരെ പ്രചോദനം നൽകുന്നു.

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

**“ഒരേ ആത്മാവുതന്നെ ഒരാൾക്കു വിവേകത്തിൻെറ വചനവും മറ്റൊരാൾക്കു ജ്ഞാനത്തിൻെറ വചനവും നൽകുന്നു.” (1 കോറി.12:8)**

# പീഡനം സഹിക്കേണ്ടി വന്നാലും സത്യം കൈവെടിയരുത്;

## ക്രിസ്തുശിഷ്യർക്കുണ്ടാകേണ്ട മൂന്ന് ഗുണങ്ങൾ പങ്കുവെച്ച് പാപ്പ

വത്തിക്കാൻ സിറ്റി: പീഡനങ്ങൾ സഹിക്കേണ്ടിവന്നാലും സത്യം കൈവെടിയരുതെന്നും സത്യത്തിന് സാക്ഷ്യം വഹിക്കേണ്ടവരാണെന്ന ബോധ്യത്തോടെ ക്രിസ്തുസാക്ഷികൾ ജീവിക്കണമെന്നും ഫ്രാൻസിസ് പാപ്പ. സത്യത്തിന് സാക്ഷ്യം വഹിക്കുന്നതിനാലും അത് സധൈര്യം പ്രഘോഷിക്കുന്നതിനാലുമാണ് ഇന്നും ക്രിസ്തുശിഷ്യർ പീഡനങ്ങൾ ഏൽക്കാൻ കാരണമെന്നും അദ്ദേഹം പറഞ്ഞു. സാന്താ മാർത്തയിൽ അർപ്പിച്ച ദിവ്യബലിയിൽ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സുവിശേഷത്തെപ്രതിയും സത്യത്തെപ്രതിയും ആദ്യനൂറ്റാണ്ടിലേതിനേക്കാൾ കൂടുതൽ ക്രൈസ്തവർ ഇന്ന് ക്രൂശിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നുണ്ട്. ക്രൈസ്തവർ സമരസപ്പെട്ടു നിന്നാൽ ജീവിതം സുഖലോലുപതയുടേതാകാം. എന്നാൽ, അതല്ല ക്രൈസ്തവരുടെ യഥാർത്ഥ വിളി. അതിനാൽ നമ്മുടെ ജീവിതത്തെ മാറ്റിമറിച്ച ക്രിസ്തുവുമായുള്ള കൂടിക്കാഴ്ച്ചയുടെ ആദ്യനിമിഷങ്ങൾ എപ്പോഴും അനുസ്മരിക്കണം. അനുസരണം, ജീവിതസാക്ഷ്യം, യാഥാർത്ഥ്യബോധം എന്നിവ ഉത്ഥിതന്റെ സന്തോഷത്തിൽനിന്ന് ലഭിക്കുന്ന പുണ്യങ്ങളാണ്.

ക്രിസ്തു ഉത്ഥാനം ചെയ്ത നാളുകൾ യഥാർത്ഥത്തിൽ സന്തോഷത്തിന്റെ ദിനങ്ങളായിരുന്നെങ്കിലും ജീവിതത്തിൽ ഒരുപോലെ സംശയത്തിന്റെയും ഭീതിയുടെയും ആശ്ചര്യത്തിന്റെയും നാളുകളുമായിരുന്നു. എന്നാൽ, പിന്നീട് പരിശുദ്ധാത്മാവ് ആഗതനായപ്പോൾ അവരുടെ ഭീതി ധൈര്യമായി പരിണമിച്ചു. അവർ ക്രിസ്തുവിനെ കണ്ടത് എന്തിനാണെന്ന് മനസ്സിലായെങ്കിലും അത് ഒരു പൂർണ്ണമായ മനസ്സിലാക്കലായിരുന്നില്ല. എന്നാൽ, ദൈവാരൂപിയാണ് അവർക്ക് വെളിച്ചം പകർന്ന് തിരിച്ചറിവ് സമ്മാനിച്ചത്.

ദൈവാരൂപിയെ സ്വീകരിച്ച അപ്പസ്തോലന്മാർ അനുസരണയുള്ളവരും ദൈവഹിതത്തോട് കീഴ്‌വഴക്കമുള്ളവരുമായി മാറുന്നു. പുത്രനെ അനുസരിക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു, ഇതാണ് സുവിശേഷം. മരണത്തോളം പിതാവിനു വിധേയപ്പെട്ട ക്രിസ്തു. അതിനാൽ അവിടുന്നു തുറന്നുതന്ന മാർഗ്ഗംതന്നെയാണ് അനുസരണം. അതിനാൽ അവിടുത്തെ ശിഷ്യരായ നാമും ദൈവഹിതത്തോട് അനുസരണയുള്ളവരായി ജീവിക്കണം.

സമൂഹത്തിൽ എല്ലാം നിയന്ത്രിക്കാൻ മുൻകൈയെടുക്കുന്നവർ കൈക്കൂലി കൊടുത്താണ് അപ്രകാരം ചെയ്യുന്നത്. അത് ക്രിസ്തുവിന്റെ കല്ലറയുടെ അറ്റംവരെ എത്തി. ലോകത്ത് പല കാര്യങ്ങളും പരിഹരിക്കപ്പെടുന്നത് ലൗകികമായ ശൈലിയിലാണ്. പണമാണ് ഇന്നും എവിടെയും ആദ്യം. പണത്തിന്റെ അധിപൻ പിശാചാണ്. നമുക്ക് രണ്ടു യജമാനന്മാരെ ഒരുമിച്ചു സേവിക്കാനാവില്ലെന്ന ഈശോയുടെ വാക്കുകൾ വിസ്മരിക്കരുത്. ക്രിസ്തുവിനു സാക്ഷ്യമേകുക എന്നത് അപ്പസ്തോലന്മാരുടെ രണ്ടാമത്തെ ഗുണമാണ്. സാക്ഷ്യം ചിലർക്ക് അരോചകമാണ്. അങ്ങനെയുള്ളവർ സൗകര്യാർത്ഥം ലോകത്തോട് തങ്ങൾക്കുവേണ്ടി വിട്ടുവീഴ്ച്ച കാണിക്കുന്നവരാണ്. എന്നാൽ, ക്രിസ്തുസാക്ഷികൾ വിട്ടുവീഴ്ച്ച കാണിക്കുന്നില്ല.

പക്ഷേ, വിശ്വാസവും ചിന്താധാരയും അംഗീകരിക്കാത്തവരെ ശിഷ്യർ ക്ഷമയോടെ പിൻചെല്ലാറുണ്ട്. അവരോട് വീട്ടുവീഴ്ച്ച കാണിക്കാറുമുണ്ട്. എന്നാൽ ഒരിക്കലും അവർ സത്യത്തിനായി വിലപേശാറില്ല. പീഡനങ്ങൾ സഹിക്കേണ്ടി വന്നാലും സത്യം കൈവെടിയില്ല. ആദ്യം അനുസരണം, പിന്നെ സാക്ഷ്യം. രണ്ടും വെല്ലുവിളിയാണ്. പീഡനങ്ങൾ ഉണ്ടാകുന്നത് സാക്ഷ്യത്തിൽനിന്നാണ്. അന്ന് തുടങ്ങിയ പീഡനങ്ങൾ ഇന്നും തുടരുന്നു.
മധ്യപൂർവ്വദേശത്തും ആഫ്രിക്കയിലും പീഡിപ്പിക്കപ്പെടുന്നവരെ ഓർക്കാം. അവർ പൂർവ്വോപരി അധികമാണ്, ധാരാളമാണ്. പലരും തടങ്കലിലാണ്, അവർ കഴുത്തറുത്തു കൊല്ലപ്പെടുകയും തൂക്കിലേറ്റപ്പെടുകയും ചെയ്യുന്നു. അപ്പസ്തോലന്മാരുടെ മൂന്നാമത്തെ പുണ്യമാണ് യാഥാർത്ഥ്യബോധം. അവർ കെട്ടുകഥകൾ ചമയ്ക്കുകയായിരുന്നില്ല. തങ്ങൾ കണ്ടതും നേരിൽ ശ്രവിച്ചതും സ്പർശിച്ചതും തങ്ങളെ സ്പർശിച്ചതും അനുഭവിച്ചതുമായ കാര്യങ്ങൾ സകലരുടെയും മുമ്പിൽ സാക്ഷ്യപ്പെടുത്തുകയായിരുന്നു. ചിലപ്പോൾ ഭീതി നമ്മെ വിഴുങ്ങുന്നു. അപ്പോൾ നമ്മെ മാറ്റിമറിച്ച ആദ്യകൂടിക്കാഴ്ച്ചയുടെ അനുഭവങ്ങൾ മറന്നുപോകും. അപ്പോൾ നാം സുഖലോലുപരായ ക്രൈസ്തവരായി മാറും. ഈ തിരിച്ചറിവോടെ, യേശു പകർന്നുതന്ന യാഥാർത്ഥ്യങ്ങളിൽ ജീവിക്കാനുള്ള കൃപയ്ക്കായി ദൈവാരൂപിയോട് പ്രാർത്ഥിക്കണമെന്നും പാപ്പ കൂട്ടിച്ചേർത്തു.

---

## അറിയിപ്പുകൾ

### *പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്*

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുന്നതാണ്. (താല്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്).

### *കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...*

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസ്ട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

### *കൃതികൾ ക്ഷണിക്കുന്നു*

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

### *മലയാളം കുമ്പസാരം*

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെൻ്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - സെബാസ്റ്റ്യൻ ജോൺ - 050 3986934

ഫോർമേഷൻ -റോജി 055 6519401

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:**
എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## നിങ്ങൾക്കറിയാമോ?

### ദൈവാലയഘടന

**മാമ്മോദീസാത്തൊട്ടി:** ഈശോ മാമ്മോദീസ സ്വീകരിച്ച യോർദ്ദാന്റെ പ്രതീകം. നമ്മൾ സഭയിൽ ആദ്ധ്യാത്മികമായി ജനിക്കുന്നത് ഇവിടെവച്ചാണ്.



1. *Throw off hindrances - sin, bad habits, worldly entertainment -* ***Hebrews 12:1***

2. *Sow to the spirit - spend time with God -* ***Galatians 6:8.***

3. *Present your body as a living sacrifice - put aside the world and offer yourself to God for His purposes -* ***Romans 12:1-2.***

4. *Pray in the spirit every day - try for an hour! -* ***Jude 1:20.***

5. *Obey the voice of the Holy Spirit in the big things and the small things -* ***John 10:4.***

# 5 WAYS TO WALK IN THE *HOLY SPIRIT*



*FOR PRIVATE CIRCULATION (WITH IN CHURCH COMPOUND) ONLY*

Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Jobin Augustine **Cover** : Rinto Varghese & Jiby John
**E-mail** : info@thoolikaa.net **Web** : http://thoolikaa.net